പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 5799

25/05/2017 ൽ
മറുപടിക്ക്

## സിമന്റ് ക്ഷാമം

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | മറുപടി<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| എ) കേരളത്തിൽ സിമന്റ് ക്ഷാമം നേരിടുന്നതായുള്ള മാദ്ധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;<br><br>ബി) ഈ സ്ഥിതിവിശേഷം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്? | എ) & ബി) സിമന്റ് ക്ഷാമം നേരിടുന്നതായ മാദ്ധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മലബാർ സിമന്റിസിനെ സംബന്ധിച്ചിടത്തോളം ഏകദേശം 3 മാസത്തോളം (ഒക്ടോബർ, നവംബർ, ഡിസംബർ 2016) അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുമൂലം ഉല്പാദനത്തിൽ തടസ്സം നേരിട്ടിരുന്നു. എന്നാൽ ഇപ്പോൾ അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുകയും ഉല്പാദനം പൂർവ്വസ്ഥിതിയിൽ ആവുകയും ചെയ്തിട്ടുണ്ട്. സിമൻറ് മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സിമൻറ് ഡീലർമാരെയും സിമൻറ് നിർമ്മാതാക്കളെയും പങ്കെടുപ്പിച്ചുകൊണ്ട് ബഹു. വ്യവസായവകുപ്പ് മന്ത്രിയും ബഹു. ധനമന്ത്രിയും ഉൾപ്പെട്ട ഒരു ഉന്നതതല യോഗം 10-05-2017 ൽ നടത്തുകയും സിമൻറിൻെറ വില ഏകീകരിക്കുന്നതി ന് ആവശ്യമായ ചർച്ചകൾ നടത്തുകയും ചെയ്തിരുന്നു. മലബാർ സിമന്റ്സ് കേരളത്തിലുടനീളം കമ്പനിയുടെ വാളയാർ പ്ലാന്റിൽ നിന്നും, ചേർത്തല പ്ലാന്റിൽ നിന്നും |

സിമന്റിന്റെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ കൊച്ചിൻ പോർട്ട് ട്രസ്റ്റിലെ പാക്കിംഗ് പ്ലാന്റ് പ്രവർത്തനക്ഷമമാകുന്നതോടുകൂടി കേരള വിപണിയുടെ ഗണ്യമായ ശതമാനം മലബാർ സിമന്റ്സിന് അവകാശപ്പെട്ടുവാനാകും.

Bindumol K.N
സെക്ഷൻ ഓഫീസർ